# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 29 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


---

### ശബരിമല വാർത്തകളുമായി പിആർഡിയുടെ ഫെയ്സ്ബുക്ക് പേജ്

ശബരിമല: ലോകമെമ്പാടുമുള്ള അയ്യപ്പഭക്തർക്കുവേണ്ടി സംസ്ഥാന ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ആരംഭിച്ച ഫെയ്സ്ബുക്ക് പേജ് ശ്രദ്ധ ആകർഷിക്കുന്നു. ശബരിമലയിലെ ഈ വർഷത്തെ മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് വാർത്തകളും വിശേഷങ്ങളും ചിത്രങ്ങളായും വീഡിയോകളായും പേജിൽ ലഭ്യമാക്കിയിട്ടുണ്ട്. https://www.facebook.com/Sabarimalamediacentreiprdgok-1199558653454913/ എന്ന ലിങ്കിൽ ലൈക്ക് ചെയ്താൽ ശബരിമല വിശേഷങ്ങൾ ലഭ്യമാകും.

### ഭക്തരുടെ ആരോഗ്യ പരിരക്ഷയിൽ ശ്രദ്ധയൂന്നി സംസ്ഥാന ആരോഗ്യവകുപ്പ്

ശബരിമല: ശബരിമല സന്നിധാനത്ത് ദിനംപ്രതി എത്തുന്ന പതിനായിരക്കണക്കിന് ഭക്തന്മാരുടെ ആരോഗ്യപരിചരണത്തിൽ ശ്രദ്ധയൂന്നി ഗവണ്മെന്റ് ഡിസ്പെൻസറി 24 മണിക്കൂറും പ്രവർത്തിക്കുന്നു. എല്ലാവിധ സംവിധാനങ്ങളോടും കൂടി പ്രവർത്തിക്കുന്ന ആശുപത്രിയിൽ രണ്ടു കാർഡിയോളജിസ്റ്റ്, ഒരു സർജൻ, ഒരു ഓർത്തോപീഡിക് സർജൻ, ഒരു അനസ്തെറ്റിസ്റ്റ്, ഒരു പീഡിയാട്രീഷ്യൻ, രണ്ട് അസിസ്റ്റന്റ് സർജൻ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർ ഏത് അടിയന്തിര സാഹചര്യവും നേരിടാൻ സജ്ജരായി രംഗത്തുണ്ട്. വിവിധ പരിശോധനയ്ക്കായി ലബോറട്ടറി സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. എക്സ് റേ സൗകര്യം പമ്പയിൽ ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ രോഗികളെ പമ്പയിൽ എത്തിക്കുവാൻ ഓഫ് റോഡ് ആംബുലൻസ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

നവംബർ 27 വരെ 29355 അയ്യപ്പന്മാർ ചികിത്സതേടി എത്തി. ഇതിൽ 3017 പേർക്ക് ഹൃദയ സംബന്ധമായ അസുഖങ്ങളായിരുന്നു. ഇന്നലെ (നവംബർ 28) 1310 അയ്യപ്പന്മാർ ചികിത്സയ്ക്കെത്തി. ഇതുവരെ ആറ് ഹൃദ്രോഗ മരണങ്ങളും രണ്ട് റോഡ് ആക്സിഡന്റ് മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ഹെൽത്ത് നോഡൽ ഓഫീസർ ഡോ. ജി.സുരേഷ് ബാബു അറിയിച്ചു.

## സഹാസ് കാർഡിയോളജി

ശബരിമല: സന്നിധാനത്ത് പ്രവർത്തിക്കുന്ന സഹാസ് കാർഡിയോളജിയിൽ ഇന്നലെ (നവംബർ 28) 124 പേർ ചികിത്സതേടിയെത്തി. സോപാനം സഹാസ് കാർഡിയോളജിയിൽ 58 പേർ ചികിത്സ തേടിയെത്തി. അത്യാഹിതങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | | |
|---|---|---|
| NOVEMBER | 29 | 2016 |



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

### ശബരിമലയിൽ വികസനപ്രവർത്തനങ്ങൾ വനംമന്ത്രി ഉദ്ഘാടനം ചെയ്തു

ശബരിമല: വനംവകുപ്പ് ഭക്തജനങ്ങൾക്കായി ഒരുക്കിയ വർദ്ധിപ്പിച്ച സൗകര്യങ്ങളുടെ ഉദ്ഘാടനം വനംവകുപ്പ് മന്ത്രി അഡ്വ. കെ രാജു പമ്പയിൽ നിർവഹിച്ചു. വനംവകുപ്പും റാന്നി എംഎൽഎ രാജു എബ്രഹാമിന്റെ പ്രാദേശിക വികസന ഫണ്ടും ഉപയോഗിച്ചാണ് സൗകര്യങ്ങൾ ഒരുക്കിയത്.

പമ്പയിൽ പോലിസ് സെക്യൂരിറ്റി സ്കാനിംഗ് സെന്റർ, നീലിമലയിൽ മാതൃകാ ഇക്കോ ഷോപ്പ്, സ്വാമി അയ്യപ്പൻ റോഡ് 13-ാം വളവിൽ മാതൃകാ എമർജൻസി മെഡിക്കൽ സെന്റർ, ചരൽമേട്ടിൽ ആന്റി പോച്ചിംഗ് ക്യാമ്പ് കം മെഡിക്കൽ സെന്റർ എന്നിവയുടെ ഉദ്ഘാടനമാണ് നിർവഹിക്കപ്പെട്ടത്.

ഭക്തജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുക എന്നതാണ് ശബരിമലയിൽ വനംവകുപ്പിന്റെ പ്രാഥമിക കടമയെന്ന് ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മന്ത്രി പറഞ്ഞു. തീർത്ഥാടകർക്ക് സുരക്ഷയും മെച്ചപ്പെട്ട സൗകര്യവും ലഭ്യമാക്കുക എന്ന സർക്കാരിന്റെ നയത്തിന് അനുസൃതമായാണ് വനംവകുപ്പും പ്രവർത്തിച്ചുവരുന്നതെന്നും മന്ത്രി പറഞ്ഞു.

റാന്നി എംഎൽഎ രാജു ഏബ്രഹാം ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീനാ സജി, വാർഡ് മെമ്പർ രാജൻ വെട്ടിക്കൽ, പെരിയാർ ടൈഗർ റിസർവ് ഫീൽഡ് ഡയറക്ടർ ഡോ. അമിത് മല്ലിക്, റാന്നി ഡിഎഫ്ഒ കൊച്ചുകാഞ്ഞിരം എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

### പമ്പയിൽ ബലിതർപ്പണം

ശബരിമല: ചടയമംഗലം നിവാസികളുടെ വീരജഡായുവിന് വേണ്ടിയുള്ള ബലിതർപ്പണം പമ്പാ തീരത്ത് തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ നിർവഹിച്ചു. ബലിതർപ്പണത്തിന് ചടയമംഗലത്തുനിന്നും മുന്നൂറോളം സ്ത്രീ പുരുഷൻമാർ പമ്പയിൽ എത്തിയിരുന്നു. ഇത് രണ്ടാം തവണയാണ് പമ്പയിൽ

ബലിതർപ്പണം നടത്തുന്നത്. പമ്പാ സ്പെഷ്യൽ ഓഫീസർ ഗോപകുമാർ, അഡ്മിനിസ് ട്രേറ്റീവ് ഓഫീസർ രാജീവ്, അന്നദാന സ്പെഷ്യൽ ഓഫീസർ ശ്രീകുമാർ, ഉണ്ണികൃഷ് ണൻ ചടയമംഗലം, മഠത്തിൽ മോഹനൻപിള്ള, വിശ്വനാഥൻ തുടങ്ങിയവർ പങ്കെടുത്തു.

